# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3269 | | 19.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| അജൈവ മാലിന്യനിർമാർജ്ജനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അബ്ദുൽ ഹമീദ് പി. | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വീടുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽനിന്നും സംഭരിക്കുന്നതിനും അവ റീസൈക്ലിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ പുനരുപയോഗിക്കുകയോ പരിസ്ഥിതിക്ക് ദോഷകരമാവാത്ത വിധം നിർമാർജ്ജനം നടത്തുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു ഏകീകൃത സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ ഒരു സംവിധാനം രൂപപ്പെടുത്തുന്നതിന് ആവശ്യമായ പഠന ഗവേഷണങ്ങൾ നടത്താനും നടപ്പാക്കാനും നടപടി സ്വീകരിക്കുമോ; | (എ) | 15/07/2017-ലെ സ.ഉ.(സാധാ)നം.2420/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ പറയും പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപികരിക്കുന്ന ഹരിതകർമ്മസേന എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലും സ്ഥാപിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (എം.സി.എഫ്.) അത് തത്കാലം സംഭരിക്കുന്നതിനും അവിടെ നിന്ന് നഗരസഭ-ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിച്ച് പുനഃരുപയോഗത്തിനും പുനഃചംക്രമണത്തിനും വിധേയമാക്കുന്നതിനുമുള്ള ഏകീകൃത സംവിധാനം പൂർണ്ണ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് 603 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 522 എം.സി.എഫുകൾ സ്ഥാപിക്കുകയും 174 എം.സി.എഫ്.കളുടെ നിർമ്മാണം നടന്നു വരുകയും ചെയ്യുന്നു. ആകെ 505 എം.സി.എഫ്.കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 93 നഗരസഭകളിലും 152 ബ്ലോക്കുകളിലുമായി 137 ആർ.ആർ.എഫ്.കൾ സ്ഥാപിക്കുകയും 85 എണ്ണം നിർമ്മാണം നടന്നു വരുകയും ചെയ്യുന്നു. ഇവയിൽ 107 എണ്ണം പ്രവർത്തനം ആരംഭിച്ചു. |
| (ബി) | മാലിന്യ നിർമാർജ്ജനത്തിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പരിശീലനം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | മാലിന്യ ഉല്പാദനത്തിൽ കുറവു വരുത്തുന്നതിലേക്കായി പ്ലാസ്റ്റിക് പോലുള്ള അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക(Reduce) പുനരുപയോഗം വർദ്ധിപ്പിക്കുക (Reuse) പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറ്റുന്നതിനുള്ള ബോധവത്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ കിലയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന സംവിധാനം നിലവിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ